## ശ്രമിച്ചുനോക്കാവുന്ന നല്ല വെബ്സൈറ്റുകൾ

www.literacytrust.org.uk / talktoyourbaby.org.uk

സംസാരിച്ച് രസിക്കാനും, പാടിയുല്ലസിക്കാനും എത്രയെത്ര ആശയങ്ങൾ!

www.booktime.pearson.com / activities.cfm

വായിച്ച് ചിരിക്കാൻ തമാശ ബുക്കുകൾ, പാഠ്യേതര ബുക്കുകൾ.....
വിദേശ ഭാഷകളിലും

www.mantralingua.com

പല ഭാഷകളിൽ, പല പുസ്തകങ്ങൾ, സുന്ദരൻ ബുക്കുകൾ,
ശ്രമിച്ച് നോക്കാവുന്ന പുതിയ കളികൾ

somersetgateway.somerset.gov.uk


സോമർസെറ്റിൽ കുട്ടികൾക്ക് അറിവ് പകർന്നു കിട്ടുന്നതിനൊപ്പം രസിച്ച്
വായിക്കാനും വിലപ്പെട്ട എത്രയെത്ര വിവരങ്ങൾ!!

www.bbc.co.uk / cbbc

കുട്ടിയുമൊത്ത് പങ്കിടാനും രസിക്കാനും ഒത്തിരി ഒത്തിരി കളികൾ

**ഓർക്കുക... സംസാരിക്കാൻ എത്രയോ കാര്യങ്ങളുണ്ട് :**

**ഷോപ്പിംഗ്... കുക്കിംഗ്... പാർക്കിൽ പോവുക....
കൂട്ടുകാരുമൊത്തുള്ള കളികൾ... വിത്തുമുളപ്പിക്കൽ...
കഥകൾ പങ്കുവയ്ക്കുക.... അങ്ങിനെ.....**



**സംസാരിച്ചുകൊണ്ടേയിരിക്കൂ....**

# സംസാരിച്ചുകൊണ്ടേയിരിക്കൂ....

## കൊച്ചു കുട്ടികൾ ഇംഗ്ലീഷ്
## ഒരു പ്രത്യേക ഭാഷയായി പഠിക്കുന്നു



**മാതാപിതാക്കൾക്കും
ആദ്യഘട്ട പരിശീലകർക്കുമുള്ള മാർഗ്ഗരേഖകൾ**

Produced by the Ethnic Minority Achievement Service and the Foundation Stage Advisory Team, Somerset Country Council, in line with the EYFS document “Sypporting Children Learning English as an Additional Language” and the EYFS Framework

**ഞാൻ വീട്ടിൽ മറ്റൊരു ഭാഷയാണ് സംസാരിക്കുന്നത്. എന്റെ കുട്ടിയോട് ഞാൻ ഇംഗ്ലീഷിൽ തന്നെ സംസാരിക്കേണ്ടതുണ്ടോ?**

വേണ്ട. കുട്ടിയോട് നിങ്ങൾക്ക് നന്നായി അറിയാവുന്ന ഭാഷതന്നെ കഴിയുന്നത്ര കൂടുതലായി സംസാരിക്കുക.

ഇത് നിങ്ങളുടെ കുട്ടിക്ക് നല്ലൊരു തുടക്കമായിരിക്കും. കാരണം അവർക്ക് ഇതേ ഭാഷയിൽ ദൃഢമായ അടിത്തറ ഉണ്ടാക്കുവാൻ കഴിയും. കുട്ടികൾ അവരുടെ വീട്ടിലെ ഭാഷ നന്നായി പഠിച്ചാൽ മറ്റുഭാഷകൾ വളരെ എളുപ്പത്തിൽ കൈകാര്യം ചെയ്യുവാൻ കഴിയും എന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

നിങ്ങൾ വീട്ടിൽ സംസാരിച്ച് ശീലിച്ച ഭാഷ നിർത്തിയാൽ നിങ്ങളുടെ കുട്ടിക്ക് ചിന്തിക്കുവാനുള്ള കഴിവ് വികസിപ്പിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടും.

**പക്ഷേ എങ്ങിനെഎന്റെ കുട്ടി ഇംഗ്ലീഷ് പഠിക്കും?**

കുട്ടികൾ ഏറ്റവും നന്നായി ഇംഗ്ലീഷ് പഠിക്കുന്നത് നന്നായി ഇംഗ്ലീഷ് സംസാരിക്കുന്ന ഒരാളിൽ നിന്നുതന്നെയാണ്. കുട്ടികൾക്ക് അവരുടെ വീട്ടിലെ ഭാഷ നന്നായി സംസാരിക്കാൻ കഴിഞ്ഞാൽ ഇംഗ്ലീഷ് എളുപ്പത്തിൽ പഠിക്കുവാനും, ഭാഷയെപ്പറ്റി മനസ്സിലാക്കുവാനും, വാക്കുകൾ ഉപയോഗിക്കാനും, വിനിമയം നടത്തുവാനും കഴിയും.

നിങ്ങളുടെ കുട്ടികളുടെ സംസാരിക്കുവാനുള്ള കഴിവ് വർദ്ധിപ്പിക്കാൻ ഏറ്റവും നല്ല മാർഗ്ഗം അവരോടുകൂടെ നിങ്ങളുടെ മാതൃഭാഷയിൽ സംസാരിച്ചുകൊണ്ട് കളിക്കുകയാണ്.

**സ്കൂൾ ആരംഭിക്കുമ്പോൾ എന്റെ കുട്ടിക്ക് ഇംഗ്ലീഷ് സംസാരിക്കാൻ കഴിഞ്ഞില്ലെങ്കിലോ എന്നാണ് എന്റെ സങ്കടം.**

കുട്ടിയെ കൂട്ടുകാരുടെ കൂടെ കളിക്കാനും, നഴ്സറിയിൽ അയക്കുന്നതും വഴി നിങ്ങൾക്ക് അവരെ സഹായിക്കുവാൻ കഴിയും. കുട്ടികൾക്ക് മുതിർന്നവരിൽ നിന്നും, ഇംഗ്ലീഷ് നന്നായി സംസാരിക്കുന്ന മറ്റു കുട്ടികളിൽ നിന്നും ധാരാളം ഇംഗ്ലീഷ് കേൾക്കുവാൻ സാധിക്കും.

ഒരുപക്ഷെ നിങ്ങളുടെ കുട്ടിക്ക് സ്കൂൾ തുടങ്ങുമ്പോൾ ഇംഗ്ലീഷ് സംസാരിക്കാൻ കഴിഞ്ഞില്ലെങ്കിൽത്തന്നെ അവർ അത് നന്നായി പഠിച്ചുകൊള്ളും. പ്രത്യേകിച്ചും അവർ അവരുടെ വീട്ടിലെ ഭാഷ നന്നായി സംസാരിക്കുമെങ്കിൽ.

**ടെലിവിഷൻ മുഖേനയോ?**

ടെലിവിഷൻ വഴി കുട്ടികൾക്ക് കാണാത്ത സ്ഥലങ്ങൾ കാണുവാനും, ഇംഗ്ലീഷ് പാട്ട് പഠിക്കുവാനും, ഇംഗ്ലീഷ് വാക്കുകൾ പഠിക്കുവാനും കഴിയും. കുട്ടികൾക്കുള്ള ടെലിവിഷൻ പരിപാടികൾ അവരൊന്നിച്ച് കാണുന്നത് നന്നായിരിക്കും. എന്നാൽ സംഭാഷണം നടത്തുവാൻ കഴിയാത്തതുകൊണ്ട് ടെലിവിഷനിലൂടെ ഇംഗ്ലീഷ് പഠിക്കാൻ കഴിയില്ല.

കുട്ടിയുമായി സംസാരിക്കുന്നത് തന്നെയാണ് ഭാഷ പഠിക്കാൻ കുട്ടിയെ സഹായിക്കുവാനുള്ള മാർഗ്ഗം.

**ഞങ്ങൾ വീട്ടിൽ രണ്ട് ഭാഷ സംസാരിക്കുന്നതുകൊണ്ട് എന്റെ കുട്ടി ചിന്താക്കുഴപ്പത്തിലാകുമോ?**

നിങ്ങൾ രണ്ടുപേരും ഏതു ഭാഷയാണ് കുട്ടിയോട് സംസാരിക്കേണ്ടത് എന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നത് നന്നായിരിക്കും. കുട്ടി തനിയെ തന്നെ മാതാപിതാക്കളിൽ ആരോട് ഏതു ഭാഷയിൽ സംസാരിക്കണം എന്നു മനസ്സിലാക്കും. അതോടെ കുഞ്ഞിന്റെ ചിന്താക്കുഴപ്പവും തീരും.

**എന്റെ കുട്ടി സ്കൂളിൽ ഇംഗ്ലീഷ്മാത്രം സംസാരിക്കുമോ?**

സാധാരണഗതിയിൽ ശരിയാണ്. എങ്കിലും മറ്റുകുട്ടികൾകൂടി വീട്ടിലെ ഭാഷയിൽ സംസാരിക്കാനുണ്ടെങ്കിൽ നിങ്ങളുടെ കുട്ടിയും അതിൽ പങ്കുചേരാനിടയുണ്ട്. ഇതൊരിക്കലും കുട്ടിയുടെ ഇംഗ്ലീഷ് പഠനത്തിന് അറുതിവരുത്തുന്നില്ല, മാത്രമല്ല കുട്ടിയുടെ ചിന്താശക്തിയും ഗ്രഹിക്കാനുള്ള കഴിവും വർദ്ധിപ്പിക്കാൻ അത് അവരെ സഹായിക്കും.

**നിങ്ങളുടെ വീട്ടിലെ ഭാഷ വളരെ പ്രാധാന്യമർഹിക്കുന്നു. അതിലൂടെ നിങ്ങൾക്ക് നന്നായി സംഭാഷണത്തിലേർപ്പെടാനും വീട്ടിലെ മറ്റുള്ളവരുമായി ആശയവിനിമയം നടത്തുവാനും സാധിക്കും. രണ്ടുഭാഷ അറിയാൻ കഴിയുന്നത് എത്ര അതിശയകരമാണ്.**